# KOZHIKODE MUNICIPAL CORPORATION

E-mail: kozhikode corporation@gmail.com
Phone: 0495 2365040
SECRETARY

www.kozhikodecorporation.org
Fax : 0495 2366875
Kozhikode -67303232

**A9/TP8/4907/20** **11/11/2023**

**ബഹു. കോഴിക്കോട് തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിൻറ് ഡയറക്ടര് മുമ്പാകെ സമർപ്പിക്കുന്ന റിപ്പോർട്ട്**

വിഷയം :- വസ്തു നികുതി-കെട്ടിടനം. 65/966 (Old No.3/387)-നികുതി ചുമത്തിയതിലെ അപാകത –ജില്ലാ തല അദാലത്ത് –റിപ്പോർട്ട് സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന :- 09/11/2023 തിയ്യതിയിലെ No.LSGD/JD/KKD/5820/2023-A1 നം.കത്ത്

മേൽ വിഷയം സംബന്ധിച്ച് പരാതി പരിശോധിച്ചു. ആക്ഷേപങ്ങൾക്കുള്ള മറുപടി റിപ്പോർട്ട് താഴെ സൂചിപ്പിക്കും പ്രകാരം സമർപ്പിക്കുന്നു.

കേരളാ മുനിസിപ്പാലിറ്റി ആക്ട് 243(എ) പ്രകാരം ഒരു വർഷത്തിലെ ഒടുവിലത്തെ 2 മാസത്തിനുള്ളിലാണ് ഒക്യുപൻസി അനുവദിക്കുന്നതെങ്കില് ഇളവിന് അർഹതയുണ്ടെങ്കിലും ടൌൺ പ്ളാനിംഗ് വിഭാഗത്തില് നിന്നും ലഭ്യമായ സർട്ടിഫിക്കറ്റില് കംപ്ളീഷന് തിയ്യതി രേഖപ്പെടുത്തിയിട്ടുള്ളത് 16-01-2020 എന്നാണ്. ആയതിനാലാണ് ടി കെട്ടിടത്തിന് 2019-20 രണ്ടാം അർദ്ധവർഷം മുതല് നികുതി ചുമത്തിയിട്ടുള്ളത്. കേരള മുനിസിപ്പാലിറ്റി ആക്ട് സെക്ഷൻ 233 ല് 11 പ്രകാരവും 2011 ലെ കേരള മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർ ചാർജ്ജും) ചട്ടങ്ങൾ , ചട്ടം 24 പ്രകാരം കെട്ടിട ഉടമ സമർപ്പിക്കുന്ന വസ്തു നികുതി റിട്ടേൺ ഫോറം നം. 2 (2011 ലെ ചട്ടങ്ങള് -ചട്ടം 11 ല് അനുശാസിക്കുന്ന വിധമുള്ളത്) പ്രകാരവും നികുതി നിർണ്ണയം സംബന്ധിച്ച് ആവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി സാക്ഷ്യപ്പെടുത്തിയ നികുതി റിട്ടേണ് അനുവദിക്കപ്പെട്ട സമയത്തിനകം അധികാരപ്പെട്ട ഉദ്യോഗസ്ഥൻ മുമ്പാകെ സമർപ്പിക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. കൂടാതെ സ.ഉ.(എം.എസ്)231/2015/ത.സ്വ.ഭ.വ. തിയ്യതി 09/07/2015 ഉത്തരവില് നിഷ്കർഷിക്കുന്ന 1975 ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5(1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതി വില്ലേജ് ഓഫീസിൽ അടച്ച രസീതിൻറെ പകർപ്പ് / ടി ആക്ട് വകുപ്പ് 7 പ്രകാരം റിട്ടേണ് ഫയൽ ചെയ്തതിൻറെ ആധികാരിക രേഖ ഹാജരാക്കേണ്ടതാണ്. 27-07-2022 തിയ്യതിയിലാണ് ഒറ്റത്തവണ നികുതി ഒടുക്കിയതിൻറെ രസീത് ടിയാൻ ഹാജരാക്കിയിട്ടുള്ളത് .29-07-2022 തിയ്യതിയില് തന്നെ റവന്യൂ ഇൻസ്പെക്ടര് നടപടി സ്വീകരിച്ചുള്ളതാണ്. എങ്കിലും ടി കാലയളവിൽ കോഴിക്കോട് കോർപ്പറേഷനില്

നിന്നും അനധികൃതമായി കെട്ടിട നമ്പര് സമ്പാദിച്ചത് സംബന്ധിച്ച് കേസ് രജിസ്റ്റര് ചെയ്യുകയും ആയതുമായി ബന്ധപ്പെട്ട് ഫയലുകള്. ലാപ്പ്ടോപ്പ് എന്നിവ ക്രൈംബ്രാഞ്ച് . വിജിലൻസ് എന്നീ വകുപ്പുകള് പരിശോധനയ്ക്കായി കൊണ്ടു പോയിട്ടുള്ളതിനാലും കൂടാതെ ടി സമയത്ത് ട്രാൻഫര് ഉണ്ടായതു മൂലവും ഫയലില് മനപ്പൂർവ്വമല്ലാത്ത കാലതാമസം നേരിട്ടിട്ടുള്ളത് എന്ന വിവരം ബോധിപ്പിക്കുന്നു. രേഖകള് പ്രകാരം ടിയാൻറെ പഴയ കെട്ടിടം ഓടിട്ട കെട്ടിടമാണ്. കെട്ടിടത്തിൻറ മേൽക്കൂര നിലവില് കോൺക്രീറ്റ് ആണ്. കെട്ടിടത്തിന് ഘടനാപരമായ മാറ്റം വന്നിട്ടുള്ളതിനാലാണ് പുതിയ കെട്ടിടമായി പരിഗണിച്ച് നികുതി ചുമത്തിയിട്ടുള്ളത്. കൂടാതെ ഹാജരാക്കിയ പ്ളാനില് റോഡിൻറെ വീതി 5 മീറ്റര് എന്ന് രേഖപ്പെടുത്തിയിയിട്ടുള്ളതാണ്.ആയതിനാലാണ് 20 ശതമാനം വർദ്ധന റോഡിൻറെ അടിസ്ഥാനത്തില് വന്നിട്ടുള്ളത് . നിലവിൽ പ്ളിന്ത് ഏരിയയുടെ അടിസ്ഥാനത്തിലാണ് പുതിയ കെട്ടിടങ്ങൾക്ക് നികുതി നിശ്ചയിക്കുന്നത്. 2011 നു മുൻപ് A R V അടിസ്ഥാനത്തിലാണ് നികുതി നിശ്ചയിച്ചിരുന്നത് എന്നതിനാല് പഴയ കെട്ടിടങ്ങൾക്ക് പ്ളിന്ത് ഏരിയ കൂടുതലായാലും നികുതി കുറവാകാന് സാധ്യതയുണ്ട് എന്ന വസ്തുത ടിയാനെ അറിയിച്ചിട്ടുള്ള വിവരം അങ്ങയുടെ അറിവിലേയ്ക്ക് ബോധിപ്പിക്കുന്നു

ജോയിൻറ് കോർപ്പറേഷന് സെക്രട്ടറി
കോഴിക്കോട്